"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്-ഔദ്യോഗിക വാഹനമായ KL-09-N-6628 നമ്പർ വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2207/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/10/2019

പരാമർശം:- 1 10/05/1976 ലെ സ.ഉ (എം.എസ്)നം.110/76/പി.ഡബ്ല്യൂ നമ്പർ സർക്കാർ ഉത്തരവ്

2 06/09/2012 ലെ സ.ഉ(സാധാ)നം.2528/2012/ത.സ്വ.ഭ. നമ്പർ സർക്കാർ ഉത്തരവ്

3 നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29/07/2019 ലെ എ2-9876/18 നമ്പർ കത്ത്

**ഉത്തരവ്**

നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഔദ്യോഗിക വാഹനമായ KL-09-N-6628 നമ്പർ വാഹനം ലേലം ചെയ്യുന്നതിനുള്ള അനുമതിയും 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗവ.ഇ മാർക്കറ്റ് (GeM) വഴി പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതിയും പരാമർശം 3 പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാലും പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അൺഎക്കണോമിക് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാലും നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഔദ്യോഗിക വാഹനമായ KL-09-N-6628 നമ്പർ വാഹനം പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ചിട്ടുള്ള മതിപ്പുവിലയായ 55,000/- (അൻപത്തി അയ്യായിരം) രൂപയിൽ കുറയാതെ പൊതു ലേലത്തിലൂടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കണ്ടം ചെയ്തതിന് ശേഷം 10 ലക്ഷം (പത്ത് ലക്ഷം രൂപ മാത്രം) രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് GeM മുഖേന ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ